ഹയർ സെക്കൻഡറി കോഴ്സ് ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

51 (1105) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിക്കുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഉള്ള എത്ര സർക്കാർ സ്കൂളുകളുണ്ടെന്നും നിലവിൽ എത്ര സർക്കാർ സ്കൂളുകളിലും എത്ര എയിഡഡ് സ്കൂളുകളിലും ഹയർ സെക്കണ്ടറി വിഭാഗമുണ്ടെന്നും അറിയിക്കുമോ ;

(ബി) ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് വേണ്ടത് ; ഇതു സംബന്ധമായ മാനദണ്ഡങ്ങൾക്കു രൂപം നൽകിയതാരാണ് ?

ഉത്തരം

(എ) ഇനിയും ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിക്കുന്നതിനാവശ്യമായ ഭൗതിക സൗകര്യങ്ങളുള്ള സർക്കാർ സ്കൂളുകളുടെ എണ്ണം ശേഖരിച്ചുവരുന്നു. സംസ്ഥാനത്ത് നിലവിൽ 816 സർക്കാർ സ്കൂളുകളിലും 832 എയ്ഡഡ് സ്കൂളുകളിലും ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

(ബി) ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവിൽ നിഷ്കർഷിക്കുന്ന സൗകര്യങ്ങളാണ് ഉണ്ടാകേണ്ടത്. സർക്കാരാണ് ഇത് സംബന്ധിച്ച മാനദണ്ഡങ്ങൾക്ക് രൂപം നൽകുന്നത്.

ഹയർ സെക്കൻഡറി സ്കൂളുകൾ

52 (1106) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഹയർ സെക്കണ്ടറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ? സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് എന്നീ ക്രമത്തിൽ കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ഈ മൂന്ന് വിഭാഗങ്ങളിലും കൂടി എത്ര പ്ലസ് വൺ സീറ്റുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ അദ്ധ്യയനവർഷം മുഴുവൻ പ്ലസ് വൺ സീറ്റുകളിലും പ്രവേശനം നടന്നിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രവേശനം നേടാതെ ഒഴിഞ്ഞുകിടന്ന സീറ്റുകൾ എത്ര ; സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് എന്നിങ്ങനെ തരം തിരിച്ച് കണക്കുകൾ ജില്ലാടിസ്ഥാനത്തിൽ നൽകാമോ ;

(ഡി) കഴിഞ്ഞ അദ്ധ്യയന വർഷം ഈ മൂന്ന് വിഭാഗങ്ങളിലും കൂടി പ്ലസ് വണ്ണിന് പ്രവേശനം നേടാതെ സീറ്റുകൾ ഒഴിഞ്ഞുകിടന്നിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ ; ഉണ്ടെങ്കിൽ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly